(ഇ) ഇല്ല.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ജലവൈദ്യുത പദ്ധതി നിർമ്മിക്കുകയാണെങ്കിൽ കരാറിലെ വ്യവസ്ഥകൾക്കനുസരിച്ചായിരിക്കുകയില്ല. അങ്ങിനെ ചെയ്യുന്നപക്ഷം കേരളത്തിന് ആർബിട്രേഷന് പോകാവുന്നതാണ്.

പ്രവാസി മലയാളികളെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ നിയമം

69. [833] ശ്രീ. കെ.സി .ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരട്ട പൗരത്വത്തിന് അർഹതയില്ലാത്ത ഗൾഫ് മേഖലയിലെ മലയാളികൾ ഉൾപ്പെടെയുള്ള പ്രവാസി ഭാരതീയരുടെ പേരുകൾ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സഹായകമായ രീതിയിൽ നിയമവ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ ;

(ബി) ഗൾഫ് രാജ്യങ്ങളുടെ കോൺസുലേറ്റ് കേരളത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇരട്ട പൗരത്വത്തിന് അർഹതയില്ലാത്ത ഗൾഫ് മേഖലയിലെ മലയാളികൾ ഉൾപ്പെടെയുള്ള ഭാരതീയരുടെ പേരുകൾ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ജനപ്രാതിനിധ്യ നിയമം 1950 ഭേദഗതി ചെയ്യുന്നതിന് സംസ്ഥാന നിയമസഭ ഏകപക്ഷീയമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ അന്തിമതീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്രസർക്കാരാണ്.

(ബി) ഗൾഫ് രാജ്യങ്ങളുടെ കോൺസുലേറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കണമെന്ന് കേരള സർക്കാർ നിരന്തരമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിയമം അനുസരിച്ച് മെട്രോപൊളിറ്റൻ നഗരങ്ങളിൽ മാത്രമേ കോൺസുലേറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശമുള്ളൂ എന്ന് കേരള സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

പാക്കിസ്ഥാനിലെ മലയാളികൾ

70. [834] ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാക്കിസ്ഥാനിൽ താമസിക്കുന്ന മലയാളികളായ ഇന്ത്യൻ വംശജരുടെ പ്രശ്നങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ ;

(ബി) ഇത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly